## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2252

### 05-02-2018 ൽ മറുപടിക്ക്

## ഒബ്ലിഗേഷൻ ബോണ്ട് വഴി സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;<br>(ബി) ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക സമാഹരിച്ചതെന്ന് വെളിപ്പെടുത്താമോ;<br>(സി) ഇതേ കാലയളവിൽ റവന്യൂ ഒബ്ലിഗേഷൻ ബോണ്ട് വഴി എത്ര തുക സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ;<br>(ഡി) ഏതെല്ലാം സ്രോതസ്സുകൾക്ക് വേണ്ടിയാണ് പ്രസ്തുത ധനസമാഹരണം നടത്തിയതെന്ന് വ്യക്തമാക്കുമോ? | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ തുടങ്ങി സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണങ്ങൾ അവലംബിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പണം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശമുണ്ട്. നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് കിഫ്ബി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും കിഫ്ബിക്ക് A+ റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ബോണ്ടുകൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ